30/9/14
DHS.

കേരള സർക്കാർ

സംഗ്രഹം

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - ആരോഗ്യ വകുപ്പിലെ വിവിധ വിഭാഗങ്ങളിലെ ഡോക്ടർമാരുടെ വിരമിക്കൽ തീയതി 2015 മാർച്ച് 31 വരെ ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ആരോഗ്യ കുടുംബക്ഷേമ (എ) വകുപ്പ്

സ.ഉ(കൈയ്യെഴുത്ത്)നമ്പർ:288/2014/ആകുവ തീയതി, തിരുവനന്തപുരം, 30.09.2014.

പരാമർശം:-26.03.2014-ലെ സ.ഉ(കൈയ്യെഴുത്ത്)നമ്പർ.110/2014/ആകുവ.

ഉത്തരവ്

പരാമർശത്തിലെ ഉത്തരവ് പ്രകാരം ഡോക്ടർമാരുടെ ദൗർലഭ്യവും സമീപഭാവിയിൽ പകർച്ചവ്യാധികൾ മുതലായവ നേരിടേണ്ട ആവശ്യവും കണക്കിലെടുത്ത് 2014 ആഗസ്റ്റ് 31-വരെ റിട്ടയർ ചെയ്യുന്ന ആരോഗ്യ വകുപ്പിന്റെ കീഴിലുള്ള (ഹെൽത്ത് സർവ്വീസസ്) ഡോക്ടർമാർക്ക് 6 മാസത്തേക്ക് സേവനകാലാവധി നീട്ടി നൽകിയും പി.എസ്.സി മുഖേനയുള്ള നിയമനം കൃത്യമായി തുടരുന്നതിന് അനുമതി നൽകിയും ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി.

നിലവിലെ സാഹചര്യം കണക്കിലെടുത്ത് പരാമർശ ഉത്തരവിന്റെ തുടർച്ചയായി ആരോഗ്യ വകുപ്പിലെ എല്ലാ ഡോക്ടർമാരുടെയും വിരമിക്കൽ തീയതി 2014 ഒക്ടോബർ മുതൽ 2015 മാർച്ച് 31-വരെ ദീർഘിപ്പിച്ച് ഉത്തരവാകുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം,
ഡോ.എം.ബീന,
സ്പെഷ്യൽ സെക്രട്ടറി (സെക്രട്ടറി i/c)

ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം.
എല്ലാ ജില്ലാ മെഡിക്കൽ ഓഫീസർമാർക്കും (ആരോഗ്യം).
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.
പൊതുഭരണ (എസ്.സി) വകുപ്പ്.
ധനകാര്യ വകുപ്പ്.
ഡയറക്ടർ, വിവരപൊതുജന സമ്പർക്ക വകുപ്പ്.
വിവരപൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.
സ്റ്റോക്ക് ഫയൽ, ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Sobha
സെക്ഷൻ ~~ഓഫീസർ~~

മേലെഴുത്ത് കത്ത് നം: ഇ.എ2-16755/14/ആവഡ. തീയതി: 30-09-14

സർക്കാർ ഉത്തരവിന്റെ പകർപ്പ് എല്ലാ ജില്ലാ മെഡിക്കൽ ആഫീസർമാർക്കും അറിവിലേയ്ക്കും അനന്തര നടപടികൾക്കുമായി അയച്ചു നൽകുന്നു.

ആരോഗ്യവകുപ്പ് ഡയറക്ടർക്കു വേണ്ടി.